# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4353 — 24.10.2016 ൽ മറുപടിയ്ക്ക്

### മലപ്പുറം മണ്ഡലത്തിൽ സപ്ലൈകോയുടെ സ്റ്റോറുകളും മാർക്കറ്റുകളും

| ചോദ്യം<br>ശ്രീ. പി.ഉബൈദുള്ള | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
|---|---|
| (എ) മലപ്പുറം മണ്ഡലത്തിൽ ഇപ്പോൾ എവിടെയെല്ലാം മാവേലിസ്റ്റോറുകളുംസപ്ലൈകോയുടെ നന്മ സ്റ്റോറുകളും ലാഭം മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ; | (എ) മലപ്പുറം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളുടെയും സൂപ്പർ മാർക്കറ്റുകളുടേയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) മൊറയൂർ വാലഞ്ചേരിയിലും, ആനക്കയം പാപ്പിനിപ്പാറയിലും പുതുതായി അനുവദിച്ച മാവേലി സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ; | (ബി) മൊറയൂർ പഞ്ചായത്തിലെ വാലഞ്ചേരിയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് ലഭിച്ച അപേക്ഷയിന്മേൽ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പാലക്കാട് റീജിയണൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സർക്കാർ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും അനുകൂല തീരുമാനം ലഭ്യമാകാത്തതിനാൽ വാലഞ്ചേരിയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടില്ല.<br>ആനക്കയം പഞ്ചായത്തിലെ പാപ്പിനിപ്പാറയിൽ പുതുതായി മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അനുമതി 12/02/2016 – ന് നൽകിയിട്ടുണ്ട്. എന്നാൽ നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ചുള്ള അനുയോജ്യമായ വാടകരഹിത കെട്ടിടവും, തുകയും നൽകുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് പിന്നീട് തയ്യാറാകാത്തതിനാൽ മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പുതുതായി മാവേലിസ്റ്റോറുകളും നന്മ സ്റ്റോറുകളും ലാഭം മാർക്കറ്റുകളും ആരംഭിക്കുവാൻ പദ്ധതിയുണ്ടോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 32 ഗ്രാമ പഞ്ചായത്തുകളിലും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ഡിപ്പോയുടെ പേര് | ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി | ലൊക്കേഷൻ / ഔട്ട് ലെറ്റിൻറെ പേര് |
|---|---|---|
| മഞ്ചേരി | മലപ്പുറം മുനിസിപ്പാലിറ്റി | ആലത്തൂർപ്പടി മാവേലി സ്റ്റോർ |
| | മലപ്പുറം മുനിസിപ്പാലിറ്റി | മലപ്പുറം സൂപ്പർ മാർക്കറ്റ് |
| | മലപ്പുറം മുനിസിപ്പാലിറ്റി | കോട്ടപ്പടി മാവേലി സ്റ്റോർ |
| | മലപ്പുറം മുനിസിപ്പാലിറ്റി | മലപ്പുറം മാവേലി സ്റ്റോർ |
| | മലപ്പുറം മുനിസിപ്പാലിറ്റി | മുണ്ട്പറമ്പ് മാവേലി സ്റ്റോർ |
| | മൊറയൂർ പഞ്ചായത്ത് | മോങ്ങം മാവേലി സ്റ്റോർ |
| | ആനക്കയം പഞ്ചായത്ത് | പന്തല്ലൂർ മാവേലി സ്റ്റോർ |
| | പൂക്കോട്ടൂർ പഞ്ചായത്ത് | പൂക്കോട്ടൂർ മാവേലി സ്റ്റോർ |
| | പൂക്കോട്ടൂർ പഞ്ചായത്ത് | വള്ളുവമ്പ്രം മാവേലി സ്റ്റോർ |
| | പുൽപ്പറ്റ പഞ്ചായത്ത് | തൃപ്പനാച്ചി മാവേലി സ്റ്റോർ |
| പെരിന്തൽമണ്ണ | കോട്ടൂർ പഞ്ചായത്ത് | ചെട്ടിപ്പറമ്പ് മാവേലി സ്റ്റോർ |

സെക്ഷൻ ഓഫീസർ